# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ: ഇ4/8890/2013

തൈക്കാട്, തിരുവനന്തപുരം-14
തീയതി: 21/03/2013

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ്- ട്രെയിനിംഗിനാവശ്യമായ യന്ത്രോപകരണങ്ങൾ സംഭരിക്കുന്നത്- ഈ സാമ്പത്തിക വർഷം തന്നെ സംഭരണ നടപടികൾ പൂർത്തിയാക്കുന്നതിന് -ബന്ധപ്പെട്ട ജീവനക്കാരുടെ സഹകരണം ഉറപ്പാക്കുന്നത് - സംബന്ധിച്ച് :

സൂചന:- 2012-13 സാമ്പത്തിക വർഷത്തിൽ വിവിധ കമ്പനികൾക്ക് നൽകിയിട്ടുള്ള വിതരണ ഉത്തരവുകൾ

***************

താങ്കളുടെ സ്ഥാപനത്തിലെ വിവിധ ട്രേഡുകൾക്ക്/യൂണിറ്റുകൾക്ക് എൻ.സി.വി.റ്റി അഫിലിയേഷൻ നേടിയെടുക്കുന്നതിനും അനുബന്ധ പരിശീലനത്തിനും യന്ത്രോപകരണങ്ങൾ ലഭ്യമാക്കുന്നതിന് വിവിധ കമ്പനികൾക്ക് നല്കിയ വിതരണ ഉത്തരവുകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ട്രേഡുകൾ എൻ.സി.വി.റ്റി അഫിലിയേഷൻ ലഭ്യമാക്കേണ്ടതും നല്ല നിലവാരത്തിലുള്ള പരിശീലനം ട്രെയിനികൾക്ക് ഉറപ്പാക്കേണ്ടതും ഈ വകുപ്പിന്റെ പ്രാഥമികമായ ഉത്തരവാദിത്വമാണ്.

ഈ സാഹചര്യത്തിൽ സൂചന വിതരണ ഉത്തരവുകളിലെ യന്ത്രോപകരണങ്ങൾ കമ്പനികളെക്കൊണ്ട് പരമാവധി വിതരണം നടത്തിക്കേണ്ടതും ഉടൻ തന്നെ പരിശോധിച്ച് സ്റ്റോക്കിലെടുത്ത് ഈ സാമ്പത്തിക വർഷം തന്നെ അർഹമായ തുക നല്കേണ്ടതുമാണ്.

ഈ ലക്ഷ്യം നേടിയെടുക്കുന്നതിനായി 2012-13 സാമ്പത്തിക വർഷത്തിലെ അവസാന ദിവസങ്ങളായ **മാർച്ച് 28,29,31** എന്നീ തീയതികൾ

അവധി ദിനങ്ങളാണെങ്കിലും അന്നേ ദിവസങ്ങളിൽ പ്രിൻസിപ്പാൾ, സുപ്രണ്ട്, പർച്ചേസ് സെക്ഷൻ ക്ലാർക്ക് ബന്ധപ്പെട്ട ട്രേഡുകളിലെ ഇൻസ്ട്രക്ടർമാർ, സ്റ്റോർ കീപ്പർ തുടങ്ങിയവരെല്ലാം പ്രവർത്തിക്കേണ്ടതും യന്ത്രോപകര സംഭരണം പരമാവധി തീർക്കേണ്ടതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. കൂടാതെ ഡയറക്ടറേറ്റിലെ പർച്ചേസ് സെക്ഷനുമായി ബന്ധപ്പെട്ട എല്ലാ ജീവനക്കാരും അന്നേ ദിവസങ്ങളിൽ ഹാജരാകേണ്ടതാണ്. ടി ദിനങ്ങളിൽ ജോലിക്ക് ഹാജരാകുന്നവർക്ക് അർഹമായ ദിവസങ്ങൾ പരിഹാര അവധി അനുവദിക്കുന്നതാണ്.

**(ഒപ്പ്)**
**ട്രെയിനിംഗ് ഡയറക്ടർ**

**To**

1. എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
2. പർച്ചേസ് സെക്ഷൻ

//അംഗീകാരത്തോടെ//

ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്

ആർ.ഇ. 21/3/13